<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

## കൊയിലാണ്ടി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതി ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | കൊയിലാണ്ടിയിൽ ഒരു പുതിയ 110 കെ വി സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ സബ്സ്റ്റേഷൻ നിർമ്മിക്കാൻ കണ്ടെത്തിയ സ്ഥലത്തിന് സമീപത്തുകൂടി കടന്നുപോകുന്ന എൻ.എച്ച്. 66 ബൈപ്പാസിന്റെ സർവീസ് റോഡിന് 7 മീറ്റർ ഉയരം ഉള്ളതിനാൽ നിർദ്ദിഷ്ട സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥലത്തേക്ക് പുതിയ വഴി നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ മറ്റൊരു അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനോ ഉള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു . |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | കൊയിലാണ്ടിയിൽ ഒരു പുതിയ 110 കെ വി സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ സബ്സ്റ്റേഷൻ നിർമ്മിക്കാൻ കണ്ടെത്തിയ സ്ഥലത്തിന് സമീപത്തുകൂടി കടന്നുപോകുന്ന എൻ.എച്ച്. 66 ബൈപ്പാസിന്റെ സർവീസ് റോഡിന് 7 മീറ്റർ ഉയരം ഉള്ളതിനാൽ നിർദ്ദിഷ്ട സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥലത്തേക്ക് പുതിയ വഴി നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ മറ്റൊരു അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനോ ഉള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു . |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ? | (സി) | നിലവിൽ കണ്ടെത്തിയ സ്ഥലത്ത് 110 കെ വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ, പ്രദേശത്തെ വൈദ്യുതാവശ്യകത നിറവേറ്റുന്നതിനുള്ള ബദൽ മാർഗമായി മുചുകുന്ന് ഭാഗത്ത് ഒരു പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ